**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 989** **10-08-2023 - ൽ മറുപടിയ്ക്ക്**

**പാട്ടക്കാലാവധി കഴിഞ്ഞ വനഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാട്ട വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകിയിരിക്കുന്ന വനഭൂമിയുടെ കണക്കുകൾ സംബന്ധിച്ചുള്ള വിവരശേഖരണം സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് പാട്ട വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകിയിരിക്കുന്ന വനഭൂമിയുടെ വിശദാംശങ്ങൾ വനം സർക്കിൾ തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>ക്രമ.നം സർക്കിൾ വിസ്തൃതി (ഹെക്ടർ)<br><br>1 സതേൺ സർക്കിൾ, കൊല്ലം 0.0487<br><br>2 സെൻട്രൽ സർക്കിൾ, തൃശ്ശൂർ 81.6886<br><br>3 ഈസ്റ്റേൺ സർക്കിൾ, പാലക്കാട് 3074.9170<br><br>4 നോർത്തേൺ സർക്കിൾ, കണ്ണൂർ 198.1153<br><br>5 വന്യജീവി വിഭാഗം & ഫീൽഡ് ഡയറക്ടർ, പാലക്കാട് 319.5663<br><br>ആകെ. 3674.3359 |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യക്തികൾക്ക് പാട്ട വ്യവസ്ഥയിൽ വനഭൂമി കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇല്ല. |
| (സി) | പാട്ട കാലാവധി കഴിഞ്ഞിട്ടും കൈവശം വച്ചിരിക്കുന്ന വനഭൂമി തിരിച്ചുപിടിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | പാട്ടകാലാവധി കഴിഞ്ഞിട്ടും, കൈവശം വച്ചിരിക്കുന്ന വനഭൂമി തിരിച്ചു പിടിക്കുന്നതിന്റെ ഭാഗമായി വ്യക്തികൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ ചില പാട്ടഭൂമികളുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നടന്നു വരുന്നതിനാൽ ഭൂമി തിരിച്ചു പിടിക്കാനായിട്ടില്ല. |
| (ഡി) | പാട്ട കാലാവധി കഴിഞ്ഞ എത്ര ഭൂമിയാണ് തിരികെ ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ? | (ഡി) | സ്വകാര്യ വ്യക്തികൾ പാട്ടക്കാലാവധി കഴിഞ്ഞ് കൈവശം വച്ചിരിക്കുന്ന 592.6647 ഹെക്ടർ വനഭൂമി തിരികെ ലഭിക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ